പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 295 09.06.2014-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ലാഭകരമാക്കാൻ പദ്ധതി

ചോദ്യം

ശ്രീ. വി.ഡി. സതീശൻ :
" എ. പി. അബ്ദുള്ളക്കുട്ടി :
" വി.റ്റി. ബൽറാം :
" ലൂഡി ലൂയിസ് :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപെടുന്ന കോർപ്പറേഷനെ പുനരുദ്ധരിച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജിന് (Revival Package) ഭരണാനുമതി നൽകിയിട്ടുണ്ട്. പാക്കേജിലെ നിർദ്ദേശങ്ങളിന്മേൽ തുടർനടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) യും (സി) യും | നിലവിൽ കോർപ്പറേഷൻ നേരിടുന്ന പ്രധാന വെല്ലുവിളികൾ വരുമാനത്തിൽ നിന്നും പെൻഷൻ വിതരണം നടത്തുകയെന്നതും, പെൻഷൻ വിതരണം ചെയ്യുന്നതിനായി മുൻകാലങ്ങളിൽ KTDFC-യിൽ നിന്നും വായ്പ എടുത്തതിന്റെ തിരിച്ചടവുമാണ്. പ്രതിമാസ പെൻഷൻ വിതരണത്തിനായി 37 കോടി രൂപയും, വായ്പ തിരിച്ചടവിനത്തിൽ KTDFC-യ്ക്ക് 42 കോടി രൂപയും ചെലവിടേണ്ടതുണ്ട്. കോർപ്പറേഷൻ തയ്യാറാക്കി സർക്കാർ ഭരണാനുമതി നൽകിയ പുനരുദ്ധാരണ പാക്കേജിൽ പെൻഷൻ വിതരണം നടത്തുന്നതിനായി എംപ്ലോയീസ് പെൻഷൻ ഫണ്ട് ട്രസ്റ്റ് രൂപീകരിച്ച്, ടി ഫണ്ട് ട്രസ്റ്റ് മുഖേന കൈകാര്യം ചെയ്ത് പെൻഷൻ വിതരണം നടത്താമെന്നും, നിലവിൽ KTDFC-യിൽ നിന്നുള്ള 1,300 കോടി രൂപയുടെ വായ്പ ബാദ്ധ്യത LIC, |
| (സി) | കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | SBT പോലുള്ള ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് കുറഞ്ഞ പലിശ നിരക്കും കൂടിയ തിരിച്ചടവ് കാലാവധിയുള്ള വായ്പയാക്കി മാറ്റുന്നതിനായുള്ള സാദ്ധ്യതകൾ ആരായാമെന്നും ജീവനക്കാരും വാഹനങ്ങളുമായുള്ള അനുപാതം കുറച്ച് ചെലവ് കുറയ്ക്കാമെന്നും, നിലവിലുള്ള ആസ്തിമൂല്യം പുനർ നിർണ്ണയിച്ച് കോർപ്പറേഷന്റെ മൂല്യം വർദ്ധിപ്പിക്കാമെന്നുമുള്ള ശുപാർശകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ, 31.03.2013 വരെ കോർപ്പറേഷന് സർക്കാർ അനുവദിച്ച വായ്പതുകയായ 665.50 കോടി രൂപ മൂലധന നിക്ഷേപമാക്കി മാറ്റുന്നത് സംബന്ധിച്ച നിർദ്ദേശവും പാക്കേജിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് പദ്ധതി നടപ്പാക്കുമ്പോൾ നിലവിൽ വരുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | പുനരുദ്ധാരണ പാക്കേജ് നടപ്പാക്കുമ്പോൾ പെൻഷൻ വിതരണം ട്രസ്റ്റ് മുഖേന നടപ്പാക്കാൻ കഴിയും KTDFC-യിൽ നിന്നുള്ള 1,300 കോടി രൂപയുടെ വായ്പ ബാദ്ധ്യത LIC, SBT പോലുള്ള ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് കുറഞ്ഞ പലിശ നിരക്കും കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പയാക്കി മാറ്റാവുന്നതും ജീവനക്കാരും വാഹനങ്ങളും തമ്മിലുള്ള അനുപാതം കുറച്ച് ചെലവ് കുറയ്ക്കാനും കഴിയും. നിലവിലുള്ള ആസ്തിമൂല്യം പുനർ നിർണ്ണയിച്ച് കോർപ്പറേഷന്റെ മൂല്യം വർദ്ധിപ്പിക്കുവാനും കഴിയും. |

സെക്ഷൻ ഓഫീസർ